# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: എഫ്3/32386/2012 | തൈക്കാട്, തിരുവനന്തപുരം-14
തീയതി: 22/10/2012

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ആം ആദ്മി ബീമായോജന സ്കോളർഷിപ്പ് സംബന്ധിച്ച അപേക്ഷ- സ്വീകരിക്കുന്നതു - സംബന്ധിച്ച്.

സൂചന:- 10-10-12 ലെ പി (3) 200 97/11 ലെ ലേബർ കമ്മീഷണറുടെ അർദ്ധ ഔദ്യോഗിക കത്ത്.

2008-2009 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോട് ഗ്രാമീണ ഭൂരഹിത കുടുംബങ്ങളിലെ കുടുംബനാഥർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്ന പദ്ധതിയാണ് ആം ആദ്മി ബീമായോജന (ആബി). ഈ പദ്ധതിയിൽ അർഹതയുള്ളവരെ അംഗങ്ങളാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

### പദ്ധതിയുടെ വിശദ വിവരം

ആം ആദ്മി ബീമായോജനയിൽ അംഗങ്ങളായി ചേരുന്നവരുടെ (18 മുതൽ 59 വയസ്സുവരെയുള്ളവർക്ക്) സ്വാഭാവിക മരണത്തിന് 30,000/- രൂപയും, അപകടം മൂലം പൂർണ്ണ അവശതയുള്ളവർക്ക് 75,000/- രൂപയും, അപകടം മൂലം ഒരു കണ്ണോ ഒരു അവയവമോ നഷ്ടമാകുന്നവർക്ക് 37,500/- രൂപയും, രണ്ട് കണ്ണോ രണ്ട് അവയവമോ അഥവാ ഒരു കണ്ണും ഒരവയവും നഷ്ടപ്പെടുന്നവർക്ക് 75,000/- രൂപയും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.

ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരുടെ കുട്ടികൾക്ക് (ഗവൺമെന്റ് ഐ.ടി.ഐ) ഒരു കുടുംബത്തിലാണെങ്കിൽ പരമാവധി ഒരേ സമയം രണ്ടു കുട്ടികൾക്ക് പ്രതിമാസം 100/- രൂപ സ്കോളർഷിപ്പ് നൽകുന്നു.

നിലവിൽ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ സ്കോളർഷിപ്പിന് നൽകുന്ന അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, സ്ഥലം എന്നിവ രേഖപ്പെടുത്തണം. 2012 ഡിസംബർ മാസം 31 വരെ പദ്ധതിയിൽ അംഗമാകുന്നവരുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് അപേക്ഷ (തൻവർഷത്തെ സ്കോളർഷിപ്പിനായുള്ളത്) പരിഗണിക്കുന്നതാണ്.

പദ്ധതിയിൽ അംഗമാകുന്നതിന് ലഭ്യമാകുന്ന എല്ലാ അപേക്ഷകളും ആ പ്രദേശത്ത് അസിസ്റ്റന്റ് ലേബർ ഓഫീസർമാരെ ഏൽപ്പിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി